## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 698 — 28/09/2011-ൽ മറുപടിയ്ക്ക്

## ആർ. സി.സി.യിലെ വികസന പ്രവർത്തനങ്ങൾ

ചോദ്യം — മറുപടി

ശ്രീ. സാജു പോൾ: — ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | 2001-06 കാലയളവിൽ പ്ലാൻ ഫണ്ട് നോൺ പ്ലാൻ ഫണ്ട് വിഭാഗങ്ങളിലായി എത്ര തുകയാണ് ആർ.സി.സി. യുടെ വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കപ്പെട്ടതെന്ന് അറിയിക്കാമോ; | (എ) | വർഷം / പ്ലാൻ ഫണ്ട് (ലക്ഷത്തിൽ) / നോൺ പ്ലാൻ ഫണ്ട് (ലക്ഷത്തിൽ)<br>2001-02 / 260 / 153.73<br>2002-03 / 225 / 160.60<br>2003-04 / 250 / 290.00<br>2004-05 / 350 / 252.00<br>2005-06 / 850 / 300.00 |
| (ബി) | 2006-11 കാലയളവിൽ ഈയിനത്തിൽ നൽകിയ തുകയെത്ര; | (ബി) | വർഷം / പ്ലാൻ ഫണ്ട് (ലക്ഷത്തിൽ) / നോൺ പ്ലാൻ ഫണ്ട് (ലക്ഷത്തിൽ)<br>2006-07 / 950 / 325<br>2007-08 / 500 / 450<br>2008-09 / 1000 / 631.13<br>2009-10 / 1565 / 1121.00<br>2010-11 / 2400 / 1200.00 |
| (സി) | എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ആർ. സി.സി യിൽ നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ഒരു 10 നില കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. പിക്ചർ ആർക്കൈവൽ & കമ്മ്യൂണിക്കേഷൻ സിസ്റ്റം (PACS) സ്ഥാപിച്ചു വരുന്നു. ഇത് ഇമേജ് ഡിജിറ്റലൈസ് ചെയ്യുന്നതിനാൽ ഫിലിമിന്റെ ആവശ്യമില്ല എന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. |

| | | | |
|---|---|---|---|
| | | | പഴയ റേഡിയോളജിക്കൽ ഉപകരണങ്ങളിൽ ഡിജിറ്റൽ ഇമേജസ് എടുക്കുന്നതിനുള്ള സംവിധാനം ഇല്ലാത്തതിനാൽ ഡിജിറ്റലൈസ്ഡ് ഇമേജസ് കിട്ടത്തക്ക വിധത്തിലുള്ള CR സിസ്റ്റം, ഡിജിറ്റൽ മാമോഗ്രാഫി യൂണിറ്റ്, അൾട്രാ സൗണ്ട് സ്കാനർ, എംആർ. ഐ കംപറ്റിബിൾ അനസ്തേഷ്യ യൂണിറ്റ് തുടങ്ങിയവയും സ്ഥാപിച്ചുവരുന്നു. അത്യാസന്ന നിലയിലുള്ള കുട്ടികളെ കിടത്തി ചികിത്സിക്കുന്നതിന് വെൻറിലേറ്റർ സൗകര്യമുള്ള ഒരു IC യൂണിറ്റ്, അത്യാധുനിക സൗകര്യങ്ങളോടകൂടിയ ഒരു ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തുന്നതിനും ആർ. സി. സി പദ്ധതിയിട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ